"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം - ശ്രീ.ജയരാജൻ . എ.വി. (പെൻ-224763)-യുടെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.133/2025/POWER തീയതി,തിരുവനന്തപുരം, 12-07-2025

---

പരാമർശം:- 1. സ.ഉ.(സാധാ.) നം. 42/2024/പവർ തീയതി: 07.03.2024.

2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 04.06.2025 തീയതിയിലെ സി.ഇ.ഐ./5327/2024-ഇ1 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.ജയരാജൻ എ.വി. പരാമർശം 1.-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം മുഖേന ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ 14.03.2024 പൂർവ്വാഹ്നത്തിൽ ആലപ്പുഴ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചതായും നിരീക്ഷണ കാലയളവിൽ നിരീക്ഷണകാലത്തെ ബാധിക്കുന്ന തരത്തിലുള്ള മൂന്ന് ദിവസത്തെ ആർ ജ്ജിതാവധി ഒരു ദിവസം പിൻകൂട്ടികൊണ്ട് എടുത്തിട്ടുണ്ടെന്നും ടിയാന്റെ ജോലി, സ്വഭാവം എന്നിവ തൃപ്തികരമായിരുന്നുവെന്നും ടിയാനെതിരെ വിജിലൻസ് കേസോ വകുപ്പ്തല അന്വേഷണമോ നിലവിലില്ലായെന്നും ആയതിനാൽ 18.09.2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ ടിയാന്റെ ഇലക്ട്രിക്കൽ ഇൻസ്പക്ടർ തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് എന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 2. പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയ ശ്രീ.ജയരാജൻ എ.വി.-യുടെ (പെൻ : 224763) ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ നിരീക്ഷണകാല സേവനം 18.09.2024 പൂർവ്വാഹ്നം

പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PREETHY C S**

ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ശ്രീ.ജയരാജൻ എ.വി, ഇലക്ട്രിക്കൽ ഇൻസ്പെക്ടർ. (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 14-07-2025 11:23:59

സെക്ഷൻ ഓഫീസർ